**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2364** **15-10-2024 - ൽ മറുപടിയ്ക്ക്**

**കിഫ്ബി മുഖേന നടപ്പാക്കുന്ന വികസന പദ്ധതികൾ**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. എൻ. ഷംസുദ്ദീൻ,<br>ശ്രീ. മഞ്ഞളാംകുഴി അലി ,<br>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ. ടി. വി. ഇബ്രാഹിം** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | കിഫ്ബി മുഖേന നടപ്പാക്കുന്ന വിവിധ വികസന പദ്ധതികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വായ്പയെടുത്ത് നടപ്പാക്കുന്ന പല പദ്ധതികളും പാതിവഴിയിൽ നിലച്ചു പോയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | കിഫ്ബി ധനാനുമതി നൽകുന്ന പദ്ധതികളുടെ ടെണ്ടർ നടപടികൾ പൂർത്തിയാക്കി, കരാർ നൽകി, പ്രവൃത്തി ആരംഭിച്ച് സമയ ബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള ഉത്തരവാദിത്വം അതാത് ഭരണവകുപ്പുകൾ ചുമതലപ്പെടുത്തിയിട്ടുള്ള പദ്ധതി നിർവഹണ ഏജൻസികളുടേതാണ്. എന്നിരുന്നാലും കിഫ്ബിയിലൂടെ നടപ്പിലാക്കുവാനായി തിരഞ്ഞെടുത്തിട്ടുള്ള പദ്ധതികളിന്മേൽ അവയുടെ പൂർത്തീകരണം സാധ്യമാക്കുന്നതിനും ത്വരിതപ്പെടുത്തുന്നതിനും തടസ്സങ്ങൾ ചർച്ച ചെയ്യുന്നതിനുമായി സർക്കാർ/ഭരണവകുപ്പ് തലങ്ങളിലും, പദ്ധതി നിർവഹണ ഏജൻസി തലത്തിലും, നിയമസഭാ സാമാജികരുടെ സാന്നിധ്യത്തിലും മറ്റും നിരവധി അവലോകന യോഗങ്ങൾ കിഫ്ബി നടത്തി വരുന്നുണ്ട്.<br><br>പദ്ധതി നിർവഹണ ഏജൻസികൾ തിരഞ്ഞെടുക്കുന്ന കരാറുകാരുടെ പ്രശ്നങ്ങളാലും, പദ്ധതി നടപ്പിലാക്കുന്നതിനുള്ള സ്ഥലം കൃത്യസമയത്ത് പൂർണ്ണമായും ലഭ്യമാക്കാനാവാത്തതിനാലും, സ്റ്റാറ്റ്യൂട്ടറി ക്ലിയറൻസുകൾ ലഭിക്കുന്നതിൽ കാലതാമസം ഉണ്ടാകുന്ന സാഹചര്യങ്ങളാലും മറ്റും സമയബന്ധിതമായി പദ്ധതികൾ പൂർത്തീകരിക്കുവാൻ കഴിയാതെ വരാം. ഇതിൽ കരാറുകാരന്റെ പ്രശ്നം കാരണമോ മറ്റ് സാങ്കേതിക കാരണങ്ങളാലോ പദ്ധതി നിർവഹണം വൈകാനിടയാകുന്ന സാഹചര്യങ്ങളിൽ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങളനുസരിച്ച് കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിലോ അല്ലാതെയോ കരാർ ടെർമിനേറ്റ് ചെയ്ത് പ്രവൃത്തി റീടെണ്ടർ ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ സ്വീകരിച്ച് വരുന്നു. |

| | | | |
|---|---|---|---|
| (ബി) | വികസന പദ്ധതികൾക്കായി വായ്പ എടുത്തിട്ടുള്ള തുക വിനിയോഗിക്കാതെ ഇപ്പോഴും പലിശ കൊടുത്തുകൊണ്ടിരിക്കുന്ന സാഹചര്യമുണ്ടോ; എങ്കിൽ അതിന്റെ കണക്കുകൾ വെളിപ്പെടുത്തുമോ; | (ബി) | പദ്ധതികൾക്കായുള്ള ധനസമാഹരണത്തിനായി വായ്പകൾ, ബോണ്ടുകൾ തുടങ്ങി വിവിധ സ്രോതസ്സുകളെ കിഫ്ബി ആശ്രയിക്കാറുണ്ട്. ഇവയെല്ലാം തന്നെ ലഭ്യമാക്കുന്നത് ദീർഘ കാലത്തെ നടപടിക്രമങ്ങളിലൂടെയാണ്. എൺപതിനായിരം കോടി രൂപയിലധികം മതിപ്പുള്ള വൻകിട പദ്ധതികൾ നടപ്പിലാക്കുന്ന ഏജൻസി എന്ന നിലയിൽ കൃത്യസമയത്ത് ഫണ്ട് ഉറപ്പുവരുത്തുക എന്നത് കിഫ്ബിയെ സംബന്ധിച്ച് വളരെ പ്രാധാന്യമുള്ള കാര്യമാണ്. കിഫ്ബി പദ്ധതികൾ ഏറ്റെടുക്കുന്ന കോൺട്രാക്ട് ഏജൻസികൾ മികച്ച നിരക്കിൽ ടെണ്ടറുകൾ ക്വോട്ട് ചെയ്യുന്നതിൽ ഉൾപ്പടെ ഫണ്ടിന്റെ ലഭ്യത ഒരു പ്രധാന ഘടകമാണ്.<br><br>നിലവിൽ അടുത്ത 6 മാസത്തെ പദ്ധതി ചെലവുകൾക്കുള്ള തുക കിഫ്ബി ഉറപ്പുവരുത്തി വയ്ക്കാറുണ്ട്. ബാങ്കുകളിൽ നിന്നും ലഭിക്കുന്ന വായ്പകൾ ഉറപ്പുവരുത്തിയ ശേഷം ആവശ്യാനുസരണം മാത്രമാണ് ലഭ്യമാക്കുന്നത്. എന്നാൽ ആഭ്യന്തര മാർക്കറ്റിൽ നിന്നും കടപ്പത്രങ്ങളിലൂടെ ലഭ്യമാകുന്ന ഫണ്ടുകൾ ഒറ്റത്തവണയായി മാർക്കറ്റിൽ നിന്നും സ്വീകരിക്കേണ്ടവയാണ്. ഇവയിൽ പദ്ധതി അധിഷ്ഠിതമായി ലഭ്യമാക്കുന്ന ഫണ്ടുകൾക്ക് പ്രസ്തുത പദ്ധതികളുടെ ബില്ല് ലഭിക്കുന്ന മുറക്ക് മാത്രമെ ചെലവാക്കുവാൻ കഴിയു എന്ന സാങ്കേതികമായ പരിമിതിയുണ്ട്. അത്തരം ചില ഫണ്ടുകൾ ഒഴികെ മറ്റ് വായ്പകൾക്ക് ഒന്നും തന്നെ തുക വിനിയോഗിക്കാതെ പലിശ കൊടുക്കേണ്ട സാഹചര്യമില്ല. |
| (സി) | വിവിധ ഏജൻസികളിൽ നിന്നും കടമെടുത്ത തുക ന്യൂജനറേഷൻ ബാങ്കുകളിൽ നിക്ഷേപിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (സി) | കിഫ്ബിയുടെ ആക്റ്റ് പ്രകാരം രൂപീകരിച്ചിട്ടുള്ള ഫണ്ട് ട്രസ്റ്റീ ആന്റ് അഡ്വൈസറി കമ്മീഷന്റെ നിർദ്ദേശാനുസരണം 6 മാസത്തേക്കുള്ള ചെലവുകൾക്ക് ആവശ്യമായ തുക കിഫ്ബിയുടെ കൈവശം കരുതേണ്ടതാണ്. മാസംതോറുമുള്ള പദ്ധതി ചെലവുകളും പ്രവർത്തന ചെലവുകളും കഴിച്ചുള്ള നീക്കിയിരിപ്പ് തുക കിഫ്ബിയുടെ ബോർഡിലെ ധനകാര്യ വിദഗ്ധർ അടങ്ങുന്ന ഇൻവെസ്റ്റ്മെന്റ് മാനേജ്മെന്റ് കമ്മിറ്റിയുടെ പോളിസി അനുശാസിക്കും വിധം നിക്ഷേപം നടത്തിവരുന്നു. |

സെക്ഷൻ ഓഫീസർ